നമ്പർ ജി4/5155/2020/ കോവിവ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
വികാസ് ഭവൻ തിരുവനന്തപുരം -695033
തീയതി: 10.03.2020

# സർക്കുലർ

വിഷയം : കോളേജ് വിദ്യാഭ്യാസ വകുപ്പ് - കൊറോണ രോഗബാധ - സുരക്ഷാ നടപടികൾ - കോളേജുകൾക്ക് അവധി നൽകുന്നത് സംബന്ധിച്ച്

സൂചന : 10.03.2020 ലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ സർക്കുലർ

സൂചന പ്രകാരം പുറപ്പെടുവിച്ച സർക്കുലർ പിൻവലിക്കുന്നു. സംസ്ഥാനത്ത് കൊറോണ വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ കോളേജുകളും 2020 മാർച്ച് 31 വരെ അടച്ചിടുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ കോളജുകളിലും 2020 മാർച്ച് 31 വരെ ക്ലാസുകൾ നടത്തേണ്ടതില്ല എന്നറിയിക്കുന്നു. പരീക്ഷകൾ ഒഴികെ കോളേജുകളിലെ യാതൊരു തരത്തിലുള്ള പഠന പ്രവർത്തനങ്ങളും 2020 മാർച്ച് 31 വരെ കോളേജുകളിൽ നടത്തുന്നില്ല എന്ന് പ്രിൻസിപ്പൽ ഉറപ്പ് വരുത്തേണ്ടതാണ് . പരീക്ഷകൾ ആരോഗ്യ വകുപ്പിന്റെ മാർഗനിർദ്ദേശ പ്രകാരം നടത്തുവാൻ എല്ലാ പ്രിൻസിപ്പാൾമാരും ശ്രദ്ധിക്കേണ്ടതാണ്.

വി വിഘ്നേശ്വരി ഐ എ എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ